**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5364** **21-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതു മുതൽ പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിക്കളം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പുത്തൻചന്തസ്റ്റേഡിയം നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 31.12.2023 ലെ D6/3722/22/MLA ADS/SK നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് കോട്ടയം ജില്ലാകളക്ടർ ഉത്തരവായിട്ടുണ്ട്. തുടർന്ന്, ആനുപാതികമായ തുക കായികവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച് ഈ പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ സംയുകതഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി 60% പൂർത്തിയായതായി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രൈമറി വിദ്യാർത്ഥികൾക്കുള്ള സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസ പരിപോഷണ പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിലെ ജി എൽ പി എസ് പൂഞ്ഞാർ സ്കൂളിനെ തിരഞ്ഞെടുത്തിട്ടുണ്ട്. വളർന്നു വരുന്ന തലമുറയുടെ ഉന്നമനത്തിനായി അവരുടെ കായികവും, മാനസികവുമായ, വളർച്ചയ്ക്കായി കേരള സർക്കാർ നടപ്പിലാക്കുന്ന ഒരു ബൃഹത് പദ്ധതി ആണ് ഹെൽത്തി കിഡ്സ്.<br><br>കേരളത്തിലെ നാളത്തെ തലമുറ ആരോഗ്യവും ഉത്തരവാദിത്വവും ഉള്ള ഒരു തലമുറയായി വാർത്തെടുക്കാൻ നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്ത ഒരു പദ്ധതിയാണിത്. പ്രൈമറി ക്ലാസുകളിലെ പി.ടി. |

| | | | |
|---|---|---|---|
| | | | പീരീഡ് ഉപയോഗ യോഗ്യം ആക്കാൻ ഉള്ള ഇൻഡോർ/ഔട്ട്ഡോർ എക്യുമെന്റുകളാണ് നൽകിയിരിക്കുന്നത്. ഔട്ട്ഡോറിൽ- സ്പൈറൽ ബംബി സ്പൈഡർ, ആർ ആൻഡ് പി പാർക്ക് മുതലായവ നൽകിയിട്ടുണ്ട്.<br><br>ഇൻഡോറിൽ - ബാലൻസിംഗ് വാക്ക്, ബാസ്കറ്റ്ബോൾ അറ്റംറ്റർ, ഫുട്ബോൾ ട്രെയിനർ, ബോൾ ബാസ്കറ്റ് എന്നിവയാണ് നൽകിയിരിക്കുന്നത്. കൂടാതെ എല്ലാ ദിവസവും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനും, ടീച്ചർമാർക്ക് ട്രെയിനിങ് കൊടുക്കുന്നതിനും, കുട്ടികളുടെ കായിക ക്ഷമത റിപ്പോർട്ട് ഫീഡ്ബാക്ക് ആയി തരുന്നതിനും ഉതകുന്ന രീതിയിലുള്ള ഓൺലൈൻ വെബ്/മൊബൈൽ ആപ്ലിക്കേഷൻ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ